LIBRARY ARCHIVES Kerala Legislative Assembly

കൃഷിയോഗ്യമായ നെൽവയലുകളുടെ പഞ്ചായത്ത് തലത്തിലുള്ള കണക്ക്

223 (4297) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൃഷിയോഗ്യമായ നെൽവയലുകളുടെ പഞ്ചായത്ത് തലത്തിലുള്ള കണക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ കൊട്ടാരക്കര താലൂക്കിൽ വരുന്ന പഞ്ചായത്തുകളുടെ പ്രസ്തുത കണക്ക് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് കൃഷിയോഗ്യമായ നെൽവയലുകളുടെ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ഒരോ പഞ്ചായത്തിലും വില്ലേജുതല സർവേ നടപടികൾ പൂർത്തീകരിച്ചുവരുന്നു. വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള സമയപരിധിയായ 31-12-2010-നുള്ളിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് ലക്ഷ്യമിട്ടാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

പാഡി ബോർഡ് രൂപീകരിക്കാൻ നടപടി

224 (4298) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു 'പാഡി ബോർഡ്' രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ബോർഡ് ഏവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഇപ്പോൾ 'പാഡി ബോർഡ്' സ്ഥാപിക്കാനുദ്ദേശിക്കുന്നില്ലെങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സർക്കാർ ഉത്തരവ് നമ്പർ 26/08/കൃഷി തീയതി 12-2-2008 പ്രകാരം സംസ്ഥാനത്ത് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി അദ്ധ്യക്ഷനായും കാർഷികോത്പാദന കമ്മീഷൻ വൈസ് ചെയർമാനായും കൃഷി ഡയറക്ടർ സെക്രട്ടറിയായും പാഡി ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് നെൽക്കൃഷി സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഒരു ഉന്നതാധികാര സമിതി എന്ന നിലയ്ക്കാണ് പാഡി ബോർഡ് രൂപീകരിച്ചിട്ടുള്ളത്.

പാഡി ബോർഡിന്റെ ഘടനയും ബോർഡിന്റെ ഉത്തരവാദിത്വവും അനുബന്ധങ്ങൾ ഒന്നും രണ്ടുമായി ചേർത്തിരിക്കുന്നു.

(സി) ബോർഡിന് പ്രത്യേകമായ ഒരു ആസ്ഥാനം നിശ്ചയിച്ചിട്ടില്ല. വ്യത്യസ്ത കേന്ദ്രങ്ങളിൽ വച്ച് ബോർഡിന്റെ യോഗം ചേരുന്നുണ്ട്.

(ഡി) ബാധകമല്ല.

നെൽകൃഷി ആദായകരമായി നടത്തുന്നതിന് നടപടി

225 (4300) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നെൽകൃഷി ആദായകരമായി നടത്തുന്നതിന് നെൽകർഷകർക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന നിർദ്ദേശങ്ങളാണ് ഇപ്പോൾ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച ശാസ്ത്രീയ പഠനം നടത്തിയ പാഡിമിഷൻ എന്തൊക്കെ ശുപാർശകളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) നെല്ലിന്റെ വില കിലോഗ്രാമിന് ഏറ്റവും കുറഞ്ഞത് എത്ര രൂപ ലഭ്യമാക്കണമെന്നാണ് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ മേന്മയുള്ള വിത്ത്, ശാസ്ത്രീയ കൃഷി രീതികൾ എന്നിവ നെൽകർഷകർക്ക് ലഭ്യമാകുന്നതു സംബന്ധിച്ച എന്തൊക്കെ നിർദ്ദേശങ്ങളാണ് അടിയന്തര പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇക്കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആധുനിക കാർഷിക യന്ത്രങ്ങൾ നെൽകൃഷി മേഖലയിൽ വിനിയോഗിക്കുന്നതു വഴി കൃഷിച്ചെലവ് പരമാവധി കുറയ്ക്കുന്നതിനും നെൽകൃഷി ആദായകരമാക്കുന്നതിനും കഴിയും. ഇതുകൂടാതെ നെൽകൃഷി ആദായകരമാക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. കളനിയന്ത്രണ പദ്ധതി.
2. സംയോജിത വളപ്രയോഗ പദ്ധതി
3. വിള ഇൻഷ്വറൻസ് പദ്ധതി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly